**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3377** **01-03-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഴക്കമ്പലം, കുന്നത്തുനാട് എന്നീ വില്ലേജ് ഓഫീസുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഴക്കമ്പലം വില്ലേജ് ഓഫീസിനെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളതും നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നിലവിൽ PCC for foundation വർക്കുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2019-20 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി പ്രകാരം കുന്നത്തുനാട് വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളതും നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നിലവിൽ ഇ-ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയുമാണ്. പ്രസ്തുത രണ്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | എ യുടെ മറുപടി |

സെക്ഷൻ ഓഫീസർ